**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6596** **21-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഓൾഡ് സ്റ്റേറ്റ് ഹൈവേ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നിയോജകമണ്ഡലത്തിലെ കാസർഗോഡ് ഓൾഡ് സ്റ്റേറ്റ് ഹൈവേ റോഡ് നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ കാസറഗോഡ് ഓൾഡ് സ്റ്റേറ്റ് ഹൈവേ റോഡ് നവീകരിക്കുന്നതിന് 17.02.2021-ലെ സ.ഉ(സാധാ) നം.229/2021/പൊ.മ.വ പ്രകാരം 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 3 വർഷമാണ് ഭരണാനുമതിയുടെ കാലാവധി. |
| (ബി) | ഉണ്ടെങ്കിൽ ഭരണാനുമതി തുകയും ഭരണാനുമതി നൽകിയ തീയതിയും ഭരണാനുമതിയുടെ കാലാവധി എത്രയാണെന്നും അറിയിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ കാസറഗോഡ് ഓൾഡ് സ്റ്റേറ്റ് ഹൈവേ റോഡ് നവീകരിക്കുന്നതിന് 17.02.2021-ലെ സ.ഉ(സാധാ) നം.229/2021/പൊ.മ.വ പ്രകാരം 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 3 വർഷമാണ് ഭരണാനുമതിയുടെ കാലാവധി . |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ തുക എത്രയാണെന്നും സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | 500 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ് തുക.സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാകാതെ അനന്തമായി നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് വേണ്ടി ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആദ്യത്തെ 4.40 കി.മീ റോഡ് പുനരുദ്ധീകരിക്കുന്നതിന് വേണ്ടിയാണ്. എന്നാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ തയ്യാറാക്കിയപ്പോൾ അത് 5.കി.മീ വരെ പുനരുദ്ധീകരിക്കണമെന്നും, കൂടാതെ കാസർഗോഡ് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഹെവി ട്രാഫിക്ക് ഉള്ള റോഡായതിനാൽ വീതി കുറഞ്ഞ ഭാഗത്ത് ഇരുവശങ്ങളിലും, റോഡ് വീതി കൂട്ടി നിർമ്മിക്കുവാനും, ഇരുവശങ്ങളിലും ഓവുചാലും, നടപ്പാതയും നിർമ്മിക്കുവാനും, നാട്ടുകാരും, കാസർഗോഡ് നിയോജക മണ്ഡലം എം.എൽ.എ-യും ആവശ്യപ്പെട്ടതിന്റെ |

| | | | | |
|---|---|---|---|---|
| | | | | അടിസ്ഥാനത്തിൽ പുതിയ DSoR നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 1424 ലക്ഷം രൂപ ആവശ്യമായി വന്നു. എന്നാൽ എസ്റ്റിമേറ്റ് തുക 500 ലക്ഷത്തിൽ നിന്നും 1424 ലക്ഷമായി വർദ്ധിപ്പിച്ചതായി കണ്ടതിനാൽ ഇക്കാര്യത്തിൽ സർക്കാർ വിശദീകരണം ആവശ്യപ്പെട്ടു. പിന്നീട് ഭരണാനുമതി തുകയിൽ (500 ലക്ഷം) ലിമിറ്റ് ചെയ്യുന്നതിനായി കറന്തക്കാട് (കി.മീ. 0/000) മുതൽ ക്ലോക്ക് ടവർ (1/500) വരെയുള്ള ഭാഗം വികസിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് നിരത്തു വിഭാഗം തയ്യാറാക്കി. ഭരണാനുമതിയിൽ വ്യത്യസ്തമായ ചെയിനേജ് ആയതിനാൽ പുനർനാമകരണവും ആവശ്യമായി വന്നതിനെ തുടർന്ന് പുനർനാമകരണത്തിനും പുതുക്കിയ ഭരണാനുമതിക്കുമായുള്ള പ്രൊപ്പോസൽ നിരത്തു വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ